# പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാചോദ്യം നം.3101 24.02.2016 ൽ മറുപടിയ്ക്ക്**

**സർക്കാർ ഓഫീസുകളുടെ സൗകര്യം വർദ്ധിപ്പിക്കൽ**

ചോദ്യം — ഉത്തരം

ശ്രീ.പി.തിലോത്തമൻ — പിണറായി വിജയൻ (മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | സർക്കാർ ഓഫീസുകളിൽ നിലവിലുള്ള സൗകര്യങ്ങൾ മതിയെന്ന് കരുതുന്നുണ്ടോ, ഇവിടെ വിവിധ സേവനങ്ങൾക്കെത്തുന്ന ജനങ്ങൾക്കും ഓഫീസുകളിൽ ജോലി ചെയ്യുന്ന ജീവനക്കാർക്കും എല്ലാവിധ സൗകര്യങ്ങളും ഓഫീസുകളിൽ ഉണ്ടെന്ന് ഉറപ്പുവരുത്താറുണ്ടോ; | (എ)യും (ബി)യും (സി)യും | ഭൂരിഭാഗം സർക്കാർ ഓഫീസുകളിലും അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാണ് |
| (ബി) | പകൽ മുഴുവൻ ഓഫീസിലിരുന്ന് ജോലിചെയ്യുന്ന ജീവനക്കാർക്ക് പ്രാഥമിക സൗകര്യങ്ങൾ പോലുമില്ലാത്തതും, വൈദ്യുതി കണക്ഷനും, കുടിവെള്ള കണക്ഷനും ഇല്ലാത്തതുമായ എത്ര ഓഫീസുകൾ ഉണ്ടെന്ന് പറയാമോ, ജില്ലതിരിച്ചുള്ള വിവരങ്ങൾ നൽകാമോ; | | |
| (സി) | വില്ലേജ് ഓഫീസുകൾ, സബ് രജിസ്റ്റാർ ഓഫീസുകൾ, ട്രഷറി ഓഫീസുകൾ, താലൂക്ക് ഓഫീസുകൾ പോലെ പൊതുജനങ്ങൾ എത്തുന്ന ഓഫീസുകളിൽ ജനങ്ങൾക്ക് കാത്തിരിക്കാനും, കുടിവെള്ളം കിട്ടാനുമുള്ള സൗകര്യങ്ങളെങ്കിലും ഉണ്ടോ എന്ന് ഉറപ്പുവരുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ അടിയന്തിരമായി അതിന് സംവിധാനം ഒരുക്കുമോ; | | |

| | | | |
|---|---|---|---|
| (ഡി) | പൊടിപിടിച്ചതും, ഫയലുകൾ വൃത്തിയായി സൂക്ഷിക്കുവാനുള്ള സംവിധാനങ്ങളില്ലാത്തതും, ആരോഗ്യ പ്രശ്നങ്ങൾ സൃഷ്ടിക്കുന്ന സാഹചര്യങ്ങൾ ഉള്ളതുമായ ഓഫീസുകളുടെ ഇപ്രകാരമുള്ള അവസ്ഥ മാറ്റിയെടുക്കുവാൻ എന്തെങ്കിലും നടപടികൾ ഈ സർക്കാർ നടപ്പിലാക്കിയിട്ടുണ്ടോ എന്ന് പറയാമോ? | (ഡി) | സർക്കാർ സംവിധാനങ്ങൾ പേപ്പർ രഹിതമാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ച് വരുന്നതിനാൽ ഫിസിക്കൽ ഫയൽ കൈകാര്യം ചെയ്യുന്നതുകൊണ്ടുണ്ടാകുന്ന ആരോഗ്യപ്രശ്നങ്ങൾ ഗണ്യമായി കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്. പഴയ ഫിസിക്കൽ ഫയൽ സൂക്ഷിക്കുന്നതിനാവശ്യമായ ഡിജിറ്റലൈസേഷൻ മുതലായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ